പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1461 15.06.2012- ൽ മറുപടിയ്ക്ക്

കുട്ടനാട് പാക്കേജ് - ആടുവളർത്തൽ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി.സുധാകരൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). | |
| (എ) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് വഴി ആട് വിതരണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ: | (എ) | നടപ്പിലാക്കുന്നുണ്ട്.<br>കുട്ടനാട് പാക്കേജിന്റെ ഭാഗമായി ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ ആടു വിതരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതിയിൽ മൂന്ന് ജില്ലകളിലുമായി 23940 ആടുകളെ 11970 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. ഇതിനായി 293.62 ലക്ഷം രൂപ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും 2 ആടുകളെ വീതം ലഭിക്കുന്ന പദ്ധതി നടത്തിപ്പിനായി ആദ്യ ഗഡുവായി 146.775 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സ്കീം റിവൈസ് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | റിവൈസ് ചെയ്തിട്ടുണ്ട്.<br>കുട്ടനാട് മേഖലയിൽ ആടുവളർത്തൽ പദ്ധതി പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതിനാൽ 30/01/12 -ൽ ചേർന്ന പദ്ധതി അവലോകന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആടു വളർത്തൽ പദ്ധതി താറാവ് വളർത്തൽ പദ്ധതിയായി മാറ്റുവാനും ആടു വളർത്തൽ പദ്ധതിയ്ക്കായി അനുവദിച്ച തുക ഉപയോഗിച്ച് കുട്ടനാട് മേഖലയിൽ താറാവ് വളർത്തൽ പദ്ധതി നടപ്പിലാക്കുവാനും അനുമതി ലഭിച്ചു. പ്രസ്തുത പദ്ധതിയിൽ 330 ഇടത്തരം രീതിയിലുള്ള താറാവ് വളർത്തൽ യൂണിറ്റുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഒരു യൂണിറ്റ് നടപ്പിലാക്കുന്നതിന് 85,000/- രൂപ ചെലവാകുകയും 500 താറാവുകൾ ഉൾപ്പെട്ട ഒരു യൂണിറ്റിന് 50% സർക്കാർ ധനസഹായ ഇനത്തിൽ 42,500/- രൂപ ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുന്നുണ്ടോ; ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; | (സി) | താറാവ് വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പഞ്ചായത്തുകളും / മണ്ഡലങ്ങളും തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുകളും മണ്ഡലങ്ങളും തിരഞ്ഞെടുത്തതിന് ശേഷമേ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയുകയുള്ളു. |
| (ഡി) | അതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ? | (ഡി) | ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ചെറിയ/ ഇടത്തരം രീതിയിലുള്ള താറാവ് വളർത്തലിൽ മുൻ പരിചയം ഉണ്ടായിരിക്കേണ്ടതാണ്.<br><br>2. നിലവിൽ താറാവ് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പരിഗണന.<br><br>3. രജിസ്ട്രേഷൻ ഉള്ള താറാവ് കർഷകൻ ആയിരിക്കണം.<br><br>4. നിലവിലുള്ള ഇടത്തരം താറാവ് യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ താൽപ്പര്യമുള്ള ആളായിരിക്കണം. |

സെക്ഷൻ ഓഫീസർ